"ഭരണഭാഷ- മാതൃഭാഷ"

# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 882 10.06.2019- ൽ മറുപടിയ്ക്ക്

## വനവിഭവങ്ങളിൽ നിന്നുള്ള വരുമാനം

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ.പി.വി. അൻവർ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. സി.കെ. ഹരീന്ദ്രൻ | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വനവിഭവ ങ്ങളുടെ ഉല്പാദനത്തിലും വനത്തിൽ നിന്നുള്ള വരുമാനത്തിലും വർദ്ധനവ് ഉണ്ടാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | വനം വകുപ്പിന്റെ വിവിധ ഡിവിഷനുകളിലെ പ്രവർത്തനങ്ങൾ കേന്ദ്രസർക്കാർ അംഗീകരിച്ച വർക്കിംഗ് പ്ലാൻ നിർദ്ദേശങ്ങൾ അനുസരിച്ച് മാത്രമെ ചെയ്യാൻ കഴിയുകയുള്ളൂ. ഇത്തരത്തിൽ ഓരോ ഡിവിഷൻറെയും വർക്കിംഗ് പ്ലാൻ നിർദ്ദേശങ്ങൾക്കനുസൃതമായി തടി / വിറക് വിൽപ്പന ഉൾപ്പെടെയുള്ള വിവിധ വരുമാന മാർഗ്ഗങ്ങൾ പരമാവധി പ്രയോജനപ്പെടുത്തു ന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ വനം വകുപ്പിന്റെ വിവിധ ഡിപ്പോകൾ വഴി 259 കോടി രൂപയുടെ വരുമാനം ചന്ദനമുൾപ്പെടെ യുള്ള തടി വിൽപ്പനയിലൂടെ ലഭ്യമായിട്ടുണ്ട്. 2019-20 വർഷത്തിൽ 275 കോടിരൂപ വരുമാനം പ്രതീക്ഷിക്കുന്നു. 2018 ആഗസ്റ്റുമാസം മുതൽ വനം വകുപ്പിന്റെ തെരഞ്ഞെടുത്ത 6 ഡിപ്പോകൾ വഴി ചന്ദനം ചില്ലറ വിൽപന നടത്തി വരുന്നു.<br>2018 വർഷത്തിൽ യൂക്കാലിപ് റ്റസ്, അക്കേഷ്യ ഓറിക്കുലിഫോമിസ്, അക്കേഷ്യ മാഞ്ചിയം, വാറ്റിൽ എന്നിവ ശേഖരിക്കുന്നതിന് ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് ലിമിറ്റഡിന് അനുമതി |

നൽകിയിരുന്നുവെങ്കിലും ശേഖരണം നടന്നിട്ടില്ല.

വനം വകുപ്പിലെ വിവിധ ടെറിട്ടോറിയൽ ഡിവിഷനുകളിൽ നിന്നും അംഗീകൃത വർക്കിംഗ് പ്ലാൻ നിർദ്ദേശങ്ങൾക്കനുസരണമായി കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനും പരമ്പരാഗത പനമ്പ്നെയ്ത്ത് തൊഴിലാളികൾക്കും ഗോത്രവർഗ്ഗ ഈറ്റവെട്ട് തൊഴിലാളികൾക്കും തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് 2018 വർഷത്തിൽ 9700 മെട്രിക് ടൺ ഈറ്റ അനുവദിച്ചിട്ടുള്ളതാണ്. കൂടാതെ പ്രാദേശിക അടിസ്ഥാനത്തിൽ ഈറ്റ, മുള എന്നിവ സർക്കാർ ഉത്തരവ് (കൈ) 3/2018/വനം തീയതി 09.02.2018 പ്രകാരം വർക്കിംഗ് പ്ലാൻ നിർദ്ദേശാനുസരണം നിയമാനുസൃതമായി നൽകി വരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ 31.03.2019 വരെ വനം വകുപ്പ് 288.90 കോടി രൂപ റവന്യൂ വരുമാനമായി സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിട്ടുള്ളതാണ്.

കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ ശബരിമലയിലെ പമ്പയിൽ ഉദ്ദേശം 90,000 ക്യൂബിക് മീറ്റർ മണൽ അടിഞ്ഞുകൂടിയിട്ടുണ്ട്.

ഇങ്ങനെയടിഞ്ഞുകൂടിയ മണൽ വിൽപനയ്ക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. ആയതിൽ 20,000 ക്യൂബിക് മീറ്റർ ട്രാവൻകൂർ ദേവസ്വം ബോർഡിന് സൗജന്യമായി അനുവദിച്ചിട്ടുള്ളതും അവശേഷിക്കുന്ന 70,000 ക്യൂബിക് മീറ്റർ മണലിന്റെ വിൽപനയിലൂടെ ഉദ്ദേശം 10 കോടി രൂപ വരുമാനം പ്രതീക്ഷിക്കുന്നു.

വിവിധ നിയമപ്രശ്നങ്ങൾ കാരണം സംസ്ഥാനത്ത് വന്യജീവി സങ്കേതങ്ങളിലെ വളർച്ചയെത്തിയ തേക്ക് തോട്ടങ്ങൾ മുറിച്ച് വിൽപന നടത്തുവാൻ കഴിയാത്ത സാഹചര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ അഞ്ച് അംഗങ്ങൾ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് സ.ഉ. (സാ.ധാ) നം. 168/2019/വനം തീയതി 10.05.2019 പ്രകാരം

| | | | |
|---|---|---|---|
| | | | ഉത്തരവായിട്ടുള്ളതാണ്. മൂന്ന് മാസത്തിനകം കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള താണ്. കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കി നിയമപ്രകാരമുള്ള അനുമതികൾ ലഭ്യമാകുന്ന പക്ഷം വന്യജീവി സങ്കേതങ്ങളിലെ വളർച്ചയെത്തിയ തേക്ക് തോട്ടങ്ങളുടെ ഘട്ടം ഘട്ടമായിട്ടുള്ള മുറിക്കൽ - വിൽപനകളിലൂടെ വലിയ തോതിലുള്ള വരുമാന വർദ്ധനവ് പ്രതീക്ഷിക്കുന്നു. |
| (ബി) | സാധാരണക്കാർക്ക് ഗൃഹ നിർമ്മാണത്തിനാവശ്യമായ തടി ന്യായമായ നിരക്കിൽ ലഭ്യമാക്കാനായി സർക്കാർ തടി ഡിപ്പോകളിൽ ചില്ലറ വില്പന ആരംഭിച്ചിട്ടുണ്ടോ; | (ബി) | സാധാരണക്കാർക്ക് ഗൃഹ നിർമ്മാണ ത്തിനാവശ്യമായ തടി ന്യായമായ നിരക്കിൽ ലഭ്യമാക്കാനായി സംസ്ഥാ നത്തെ എല്ലാ സർക്കാർ തടി ഡിപ്പോകളിലും തേക്ക്തടിയുടെ ചില്ലറ വിൽപ്പന നടത്തി വരുന്നുണ്ട്: |
| (സി) | വനത്തിൽ നിന്നും മണൽ ശേഖരിച്ച് ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന തിനായി മണൽ വിപണന കേന്ദ്രം പ്രവർത്തന മാരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | വനത്തിൽ നിന്നും മണൽ ശേഖരിച്ച് ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം വനം ഡിവിഷനു കീഴിലെ കുളത്തൂപ്പുഴയിൽ വനശ്രീ മണൽ വിപണന കേന്ദ്രം പ്രവർത്തിച്ചു വരുന്നുണ്ട്. ഇവിടെ നിന്നും നിലവിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ആവശ്യക്കാർക്ക് നിബന്ധനകൾക്ക് വിധേയമായി മണൽ വാങ്ങുന്നതി നുള്ള സൗകര്യം നിലവിലുണ്ട്. കൂടാതെ, കഴിഞ്ഞ വെള്ളപ്പൊക്ക ത്തിൽ പമ്പാ ഭാഗത്ത് അടിഞ്ഞുകൂടിയ മണൽ വിൽപന നടത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായിട്ടുള്ളതും വിൽപന നടപടികൾ തുടങ്ങിക്കഴിഞ്ഞിട്ടുള്ള തുമാണ്. |

Prasanna

സെക്ഷൻ ഓഫീസർ